**ദീപിക**

30 November 2017

# സിഎംഎഫ്ആർഐയുടെ വിന്റർ സ്കൂൾ നാളെ തുടങ്ങും

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന വിന്റർ സ്കൂൾ നാളെ തുടങ്ങും. ഉപഗ്രഹ സാങ്കേതികവിദ്യ മത്സ്യമേഖലയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് 21 ദിവസം നീണ്ടു നിൽക്കുന്ന വിന്റർ സ്കൂൾ സിഎംഎഫ്ആർഐയിൽ നടക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേർക്കാണു സിഎംഎഫ്ആർഐ പരിശീലനം നൽകുന്നത്.

ഉപഗ്രഹങ്ങളിൽനിന്നുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തി മത്സ്യമേഖലയിൽ വൻ മുന്നേറ്റം സൃഷ്ടിക്കാനുള്ള സിഎംഎഫ്ആർഐയുടെ ശ്രമങ്ങളുടെ ഭാഗമായാണ് വിന്റർ സ്കൂൾ നടത്തുന്നത്. ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ (ഐസിഎആർ) സാമ്പത്തിക സഹായത്തോടെയാണ് പരിപാടി. ഉപഗ്രഹ-റിമോട്ട് സെൻസിംഗ് വിവരങ്ങൾ മത്സ്യമേഖലയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ചു വിന്റർ സ്കൂളിൽ പ്രായോഗികപരിശീലനം നൽകും. പരിസ്ഥിതിക്കു പ്രാധാന്യം നൽകി സമുദ്ര വിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ യുവഗവേഷകരെ പരിചയപ്പെടുത്തും. മറൈൻ ഒപ്റ്റിക്സ്, വിവിധ പരിസ്ഥിതി സൗഹൃദ മോഡലിംഗുകൾ തുടങ്ങിയ മേഖലകളിലും പരിശീലനം നൽകും. ഐഎസ്ആർഒയിലെ വിദഗ്ധർ, സമുദ്ര ശാസ്ത്രജ്ഞർ തുടങ്ങിയവരാണ് പരിശീലനത്തിന് നേതൃത്വം നൽകുക.

സമുദ്രമത്സ്യ മേഖലയിൽ അത്യാധുനിക സാങ്കേതിക സംവിധാനങ്ങളെക്കുറിച്ച് യുവഗവേഷകർക്ക് പരിശീലനം നൽകി ഗവേഷണരംഗം ശക്തിപ്പെടുത്തുകയാണ് വിന്റർ സ്കൂൾ സംഘടിപ്പിക്കുന്നതിലൂടെ സിഎംഎഫ്ആർഐ ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു. ഇതേ ലക്ഷ്യത്തോടെ, 2018 ജനുവരി 15 മുതൽ 17 വരെ രാജ്യാന്തര സഫാരി സമ്മേളനവും സിഎംഎഫ്ആർഐ നടത്തുന്നുണ്ട്.